പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1610 | 22.03.2013 ൽ മറുപടിയ്ക്ക് |
| അംഗൻവാടി കെട്ടിടം നിർമ്മിക്കാൻ നടപടി | |
| ചോദ്യം | ഉത്തരം |
| ശ്രീമതി പി. അയിഷാ പോറ്റി | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) സാമൂഹ്യക്ഷേമ വകുപ്പ്, നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ എത്ര അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്; അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;<br><br>(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട് കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ? | (എ) & (ബി)<br>നബാർഡ്- ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി അംഗൻവാടി കെട്ടിട നിർമ്മാണം നടത്തുന്നതിലേയ്ക്കായി കൊല്ലം ജില്ലയിൽ നിന്നും എം.എൽ.എ മാർ ശുപാർശ ചെയ്ത 57 അംഗൻവാടികളും, കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നിന്നും 7 അപേക്ഷകളും ലഭ്യമായിട്ടുണ്ട്. ഓരോ അംഗൻവാടിയ്ക്കും ഉള്ള സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന സാക്ഷ്യപത്രം, പഞ്ചായത്തിന്റെ തീരുമാനം, കെട്ടിടത്തിന്റെ പ്ലാനും, എസ്റ്റിമേറ്റും (-2012- ലെ പൊതുമരാമത്ത് വകുപ്പ് എസ്.ഒ.ആർ പ്രകാരം) പണിയുടെ സമയക്രമം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ട് സഹിതം പ്രോഗ്രാം ഓഫീസർമാരുടെ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ബന്ധപ്പെട്ട എം.എൽ.എ മുഖേന ശുപാർശ ചെയ്യപ്പെട്ട ഏതൊക്കെ അംഗൻവാടികളെയാണ് തെരഞ്ഞെടുക്കപ്പെടാവുന്നതെന്ന വിവരം ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ